# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജനുവരി 30**

**January 30** **2020**

**1193 മകരം 16** വ്യാഴം

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ഹിന്ദുമത കൺവൻഷൻ: മന്ത്രിയുടെ യോഗം വിദ്യാധിരാജ മന്ദിരത്തിൽ ഇന്ന്(31)**

അയിരൂർ-ചെറുകോൽപ്പുഴ ഹിന്ദുമത കൺവൻഷനോട് അനുബന്ധിച്ചുള്ള അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടിയുടെ അധ്യക്ഷതയിൽ ഇന്ന്(31) ഉച്ചകഴിഞ്ഞ് 2.30ന് അയിരൂർ ചെറുകോൽപ്പുഴ വിദ്യാധിരാജ മന്ദിരത്തിൽ അവലോകന യോഗം ചേരും.

(പിഎൻപി 530/2020)

**മാരാമൺ കൺവൻഷൻ: മന്ത്രിയുടെ യോഗം മാർത്തോമ്മാ റിട്രീറ്റ് സെന്ററിൽ ഇന്ന്(31)**

മാരാമൺ കൺവൻഷനോട് അനുബന്ധിച്ചുള്ള അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടിയുടെ അധ്യക്ഷതയിൽ ഇന്ന്(31) ഉച്ചകഴിഞ്ഞ് 3.30ന് മാരാമൺ മാർത്തോമ്മാ റിട്രീറ്റ് സെന്ററിൽ അവലോകന യോഗം ചേരും.

(പിഎൻപി 531/2020)

## തപാൽ സേവനമേളയൊരുക്കി കുറ്റൂർ ഗ്രാമപഞ്ചായത്ത്

തിരുവല്ല പോസ്റ്റൽ ഡിവിഷന്റേയും കുറ്റൂർ ഗ്രാമപഞ്ചായത്തിന്റേയും ആഭിമുഖ്യത്തിൽ കുറ്റൂർ പോസ്റ്റ് ഓഫീസിൽ തപാൽ മേള സംഘടിപ്പിച്ചു. തിരുവല്ല പോസ്റ്റൽ ഡിവിഷൻ സൂപ്ര ് ഡി.ലത നായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ രഘുനാഥ് ഉദ്ഘാടനം ചെയ്തു. തപാൽ വകുപ്പിന്റെ വിവിധ പദ്ധതികളായ സുകന്യ സമൃദ്ധി യോജന, പ്രധാനമന്ത്രി ജ്യോതി ഭീമ യോജന തുടങ്ങിയവയേക്കുറിച്ച് ജനങ്ങൾക്ക് വിശദീകരിച്ചു നൽകുകയും വിവിധ പദ്ധതികളിലേക്ക് അംഗങ്ങളെ ചേർക്കുകയും ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബിജു, പഞ്ചായത്ത് അംഗം രാജലക്ഷ്മി, ഐ പി പി ബി പത്തനംതിട്ട സീനിയർ മാനേജർ ജോസ്, ചെങ്ങന്നൂർ സബ് ഡിവിഷൻ ഇൻസ്പെക്ടർ ബി.ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്: പോസ്റ്റൽ മേള:-**
കുറ്റൂർ പോസ്റ്റ് ഓഫീസിൽ സംഘടിപ്പിച്ച തപാൽ മേള കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ രഘുനാഥ് ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 532/2020)

## ജില്ലാ ആസൂത്രണ സമിതി യോഗം

ജില്ലാ ആസൂത്രണ സമിതി യോഗം നാലിന് ഉച്ചകഴിഞ്ഞ് 3.30ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

(പിഎൻപി 533/2020)

## ക്വട്ടേഷൻ

വടശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികളെ ഫെബ്രുവരി ഏഴിന് എറണാകുളം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വിനോദയാത്രയ്ക്ക് കൊ ു പോകുന്നതിന് 45 സീറ്റുകളുള്ള ര ് ലക്ഷ്വറി ബസ് ലഭ്യമാക്കുന്നതിന് തയാറുള്ള ടൂർ ഓപ്പറേറ്റർമാർ/ വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി നാലിന് വൈകിട്ട് മൂന്നു വരെ. കൂടുതൽ വിവരങ്ങൾക്ക് 04735-251153 എന്നനമ്പരിൽ ബന്ധപ്പെടണം.

(പിഎൻപി 534/2020)

## ഭാഗ്യക്കുറി ക്ഷേമനിധി: വിദ്യാഭ്യാസ അവാർഡ് വിതരണം ഒന്നിന്

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ വിദ്യാഭ്യാസ അവാർഡ്, ഒറ്റത്തവണ സ്കോളർഷിപ്പ് എന്നിവയുടെ ജില്ലാതല വിതരണം ഫെബ്രുവരി ഒന്നിന് ഉച്ചയ്ക്ക് ര ിന് പത്തനംതിട്ട നഗരസഭ ടൗൺഹാളിൽ നടക്കും. നഗരസഭ ചെയർപേഴ്സൺ റോസ്ലിൻ

സന്തോഷ് ഉദ്ഘാടനം നിർവഹിക്കും. കൗൺസിലർമാർ, ഭാഗ്യക്കുറി തൊഴിലാളി യൂണിയൻ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. സമ്മാനാർഹരായ എല്ലാ വിദ്യാർഥികളും എല്ലാ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളും ചടങ്ങിൽ പങ്കെടുക്കണമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04682-222709 എന്ന നമ്പരിൽ ബന്ധപ്പെടണം.

(പിഎൻപി 535/2020)

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന അടൂർ എഞ്ചിനീയറിംഗ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ (കമ്പ്യൂട്ടർ സയൻസ്) തസ്തികയിലേക്കു താൽക്കാലിക അടിസ്ഥാനത്തിൽ ഒഴിവു ്. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി ആറിന് രാവിലെ 10ന് കോളേജ് ഓഫീസിൽ ഹാജരാകണം. യോഗ്യത: കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്ങിൽ ബിരുദവും, ബിരുദാനന്തര ബിരുദവും (ഏതെങ്കിലും ഒന്നിൽ ഫസ്റ്റ് ക്ലാസ് നിർബന്ധമാണ്).വിശദ വിവരങ്ങൾക്ക് കോളേജിന്റെ വെബ്സൈറ്റ് സന്ദർശിക്കുക www.cea.a-c.in. ഫോൺ: 04734 231995

(പിഎൻപി 536/2020)

## സംസ്ഥാന കവിതാ ക്യാമ്പ് ഫെബ്രുവരി 7, 8, 9 തീയതികളിൽ

കേരള സാഹിത്യ അക്കാദമിയുടെയും സരസകവി മൂലൂർ സ്മാരകത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ ഫെബ്രുവരി 7, 8, 9 തീയതികളിലായി സംസ്ഥാനതലത്തിൽ കവിതാക്യാമ്പ് നടത്തും. ഫെബ്രുവരി 7 ന് രാവിലെ 10ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി മോഹനന്റെ അധ്യക്ഷതയിൽ കവി ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം നിർവഹിക്കും.

(പിഎൻപി 537/2020)

## യുഎഇയിൽ നഴ്സുമാർക്ക് അവസരം

യുഎഇ യിലെ എമിറേറ്റ്സ് സ്പെഷാലിറ്റി ആശുപത്രിയിലേക്ക് നോർക്ക റൂട്ട്സ് മുഖേന ബിഎസ്സി നഴ്സുമാരെ തെരഞ്ഞെടുക്കും. എൻഐസിയു /നഴ്സറി വിഭാഗത്തിൽ കുറഞ്ഞത് മൂന്നു വർഷത്തെ പ്രവർത്തി പരിചയവും 30 വയസിൽ താഴെ പ്രായവുമുള്ള വനിത നഴ്സുമാർക്കാണ് അവസരം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് വിസ, വിമാനടിക്കറ്റ്, താമസം എന്നിവ സൗജന്യമാണ്. ശമ്പളം 4000-4500 ദിർഹം വരെ( ഏകദേശം 77500 രൂപ മുതൽ 87000 രൂപ വരെ) ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർഥികൾക്ക് norkauae19@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ ഫെബ്രുവരി അഞ്ചു വരെ ബയോഡേറ്റ സമർപ്പിക്കാമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അറിയിച്ചു. വിശദ വിവരങ്ങൾ www.norkaroots.org ലും ടോൾഫ്രീ നമ്പരായ 18004253939(ഇന്ത്യയിൽ നിന്നും) 00918802012345( വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം) ലും ലഭിക്കും.

(പിഎൻപി 538/2020)

## പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യ പരിശീലനം

പട്ടികജാതി വികസന വകുപ്പ് സി-ഡിറ്റ് മുഖേന നടപ്പാക്കുന്ന സൈബർശ്രീയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 നും 26 നും മധ്യേ പ്രായമുള്ള വിദ്യാർഥികൾക്ക് വിവിധ പരിശീലനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാം. പൈത്തൺ പ്രോഗ്രാമിംഗ്: ബിടെക്/എംസിഎ/എംഎസ്സി കംപ്യൂട്ടർ സയൻസ് കോഴ്സ് പൂർത്തീകരിച്ചവർക്ക് അപേക്ഷിക്കാം. പരിശീലന കാലാവധി നാലുമാസം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ സ്റ്റൈപന്റായി ലഭിക്കും.

ഐ.ടി.ഓറിയന്റഡ് സോഫ്റ്റ് സ്കിൽ ഡെവവലപ്മെന്റ് ട്രെയിനിംഗ്: ഏതെങ്കിലും വിഷയത്തിൽ ബിരുദമോ, ബിഇ/ ബിടെക്/ എംസിഎ/എംഎസ്സികംപ്യൂട്ടർ സയൻസ് കോഴ്സ് പൂർത്തീകരിച്ചവർക്കോ അപേക്ഷിക്കാം.പരിശീലന കാലാവധി മൂന്നു മാസം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5500 രൂപ സ്റ്റൈപന്റായി ലഭിക്കും.

ഐ.ടി.ബേയ്സ്ഡ് ബിസിനസ് മാനേജ്മെന്റ്: ആറുമാസത്തെ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5500 രൂപ സ്റ്റൈപന്റ് ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദമോ, ബിഇ/ ബിടെക്/ എംസിഎ/എംഎസ്സി കംപ്യൂട്ടർ സയൻസ് കോഴ്സ് പൂർത്തീകരിച്ചവർക്കോ അപേക്ഷിക്കാം. പരിശീലന കാലാവധി ആറു മാസം.

വിഷ്വൽ ഇഫക്ട്സ് ആൻഡ് ആനിമേഷൻ ഇൻ ഫിലിം ആൻഡ് വിഷ്വൽ മീഡിയ: ആറു മാസത്തെ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5500 രൂപ സ്റ്റൈപന്റായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം, ബിഎഫ്എ പാസായവർക്കോ, ബിടെക്/ എംസിഎ/എംഎസ്സി കംപ്യൂട്ടർ സയൻസ് കോഴ്സ് പൂർത്തീകരിച്ചവർക്കോ അപേക്ഷിക്കാം.

വിശദവിവരങ്ങളും അപേക്ഷാഫാറവും www.cybersri.org എന്ന ബെബ്സൈറ്റിൽ ലഭിക്കും. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ് എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷകൾ ഫെബ്രുവരി 15 ന് മുൻപ് സൈബർശ്രീ സെന്റർ, അംബേദ്കർ ഭവൻ, മണ്ണന്തല.പി.ഒ, തിരുവനന്തപുരം-695015 എന്ന വിലാസത്തിൽ ലഭിക്കണം. പൂരിപ്പിച്ച അപേക്ഷകൾ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം cybersritraining@gmail.com എന്ന വിലാസത്തിൽ ഇ-മെയിലായും അയയ്ക്കാം.ഫോൺ-0471 2933944, 9447401523, 9947692219.

(പിഎൻപി 539/2020)




.

# കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
### പത്തനംതിട്ട

**ജനുവരി 30**

**January 30** | **2020**

**1193 മകരം 16** വ്യാഴം

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**പന്തളം നഗരസഭയിൽ ബദൽ ഉത്പന്നമേള**

പന്തളം നഗരസഭയിൽ പ്ലാസ്റ്റിക് വസ്തുക്കൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ ഉത്പന്നങ്ങളുടെ പ്രദർശന വിപണനമേള ആരംഭിച്ചു. പന്തളം നഗരസഭ ശുചിത്വമിഷന്റെയും കുടുംബശ്രീയുടെയും സഹകരണത്തോടെയാണ് ബദൽമേള സംഘടിപ്പിച്ചിട്ടുള്ളത്. ഫെബ്രുവരി ര ു വരെ നടക്കുന്ന മേള നഗരസഭ ചെയർപേഴ്സൺ ടി.കെ.സതി ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ബസ് സ്റ്റാൻഡ് പരിസരത്ത് നടക്കുന്ന ബദൽ മേള രാവിലെ 10 മണി മുതൽ രാത്രി എട്ടു വരെയാണ്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ സംസ്ഥാന സർക്കാർ നിരോധിച്ചതിന്റെ പശ്ചാത്തലത്തിലാണ് ബദൽ ഉത്പന്നങ്ങളുടെ മേള സംഘടിപ്പിച്ചിട്ടുള്ളത്. കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ബദൽ ഉത്പന്നങ്ങൾ പരിചയപ്പെടുന്നതിനും വാങ്ങുന്നതിനും മേളയിൽ സൗകര്യമു ്. പത്തോളം സ്റ്റാളുകളിലായി വിവിധ തുണി, പേപ്പർ, തടി ഉത്പന്നങ്ങൾ പ്രദർശനത്തിനും വിപണനത്തിനുമായു ്. എട്ടു രൂപ മുതലുള്ള വിവിധ തുണിസഞ്ചികൾ മേളയിൽ ലഭ്യമാണ്. കൂടാതെ തുണിയിൽ നിർമിച്ച ബിഗ്ഷോപ്പറുകൾ, ബാഗുകൾ, വലിയ സഞ്ചികൾ, തുണിയിൽ നിർമിച്ച പേഴ്സ്, ഹാൻഡ് ബാഗുകൾ, മടക്കി വയ്ക്കാവുന്ന സ്ട്രോബറി ബാഗുകൾ, പേപ്പർ കാരിബാഗുകൾ എന്നിവ വിപണനത്തിനായു ്.

ചടങ്ങിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ആനി ജോൺ തു ിൽ, ലസിത ടീച്ചർ, കൗൺസിലർമാരായ പന്തളം മഹേഷ്, നൗഷാദ് റാവുത്തർ, കെ.ആർ.വിജയ കുമാർ, മഞ്ചു വിശ്വനാഥ്, സുനിത വേണു, എ.ഷാ, ജി.അനിൽ കുമാർ, എം.ജി. രമണൻ,

നഗരസഭ സെക്രട്ടറി ജി.ബിനുജി, ഹെൽത്ത് ഇൻസ്പെക്ടർമാരായ എസ്.അനിൽ കുമാർ, എസ്.കൃഷ്ണകുമാർ, ശുചിത്വമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ടി.എം.ജോസഫ്, പ്രോഗ്രാം ഓഫീസർ.അജയ്.കെ.ആർ, ടെക്നിക്കൽ കൺസൾട്ടന്റ് ജെറിൻ ജെയിംസ് വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നഗരസഭയുടെ നേതൃത്വത്തിൽ അഞ്ഞൂറ് പേരെ പങ്കെടുപ്പിച്ച് വിളംബര ജാഥ നടത്തി. ജാഥയുടെ ഭാഗമായി നഗരസഭ ചെയർപേഴ്സൺ, ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സെക്രട്ടറി ഉദ്യോഗസ്ഥർ, എൻ.സി.സി വിദ്യാർഥികൾ എന്നിവർ ചേർന്ന് നഗരസഭ പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് കാരിബാഗുകൾ വാങ്ങി പകരം ആയിരത്തോളം തുണിസഞ്ചികൾ വിതരണം ചെയ്തു. കൂടാതെ എല്ലാ വീടുകളിലും ഒരു തുണിസഞ്ചി വീതം നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നഗരസഭയും ശുചിത്വമിഷനും ചേർന്ന് വ്യാപാരി വ്യവസായി അംഗങ്ങൾക്ക് ബോധവത്കരണം നൽകും.

(പിഎൻപി 540/2020)

**ദന്തൽ ഹൈജിനിസ്റ്റ് ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു**

ഇലന്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങുന്ന ദന്തൽ യൂണിറ്റിലേക്ക് ദന്തൽ ഹൈജിനിസ്റ്റിനെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. സംസ്ഥാന സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്നും ഡിപ്ലോമ ഇൻ ദന്തൽഹൈജിനിസ്റ്റ് പാസായിരിക്കണം. താൽപര്യമുള്ളവർ ബയോഡേറ്റാ, ഒർജിനൽ യോഗ്യതാ സർട്ടിഫിക്കറ്റ്, പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഇലന്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഫെബ്രുവരി 6ന് രാവിലെ 10.30 ന് ഇന്റർവ്യൂവിന് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക .ഫോൺ 04682360690.

(പിഎൻപി 541/2020)

**പച്ചക്കറി വിളവെടുപ്പ് നടത്തി**

സംസ്ഥാന കർഷക ക്ഷേമ കാർഷിക വികസന വകുപ്പും കോട്ടാങ്ങൽ കൃഷിഭവനും സംയുക്തമായി ചുങ്കപ്പാറ അസിസി സെന്റർ സെപഷ്യൽ സ്കൂളിൽ നട്ടുവളർത്തിയ പച്ചക്കറി തോട്ടത്തിലെ കാർഷിക വിളകളുടെ വിളവെടുപ്പ് ഉദ്ഘാടനം കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് അംഗം ജോസി ഇലഞ്ഞിപ്പുറം നിർവഹിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാനസിക ഉല്ലാസത്തിനും വിഷ രഹിത പച്ചക്കറി ഉത്പാദിപ്പിക്കുക, കൃഷി അവബോധം നൽകുക എന്നിവ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചത്.

കുട്ടികളെ കൃഷികളിൽ സഹായിക്കുന്നത് കൃഷിഭവനിലെ കാർഷിക കർമ്മ സേനയിലെ ടെക്നീഷ്യന്മാരാണ്. 250ൽ അധികം ഗ്രോബാഗുകളിലും സ്കൂൾ പരിസരത്തു മാണ് വിവിധ ഇനത്തിൽപ്പെട്ട പച്ചക്കറി, പഴം കൃഷി നടത്തി വരുന്നത്

ഗ്രാമ പഞ്ചായത്ത് അംഗം ഷാഹിദാബി, കോട്ടാങ്ങൽ കൃഷി ഓഫീസർ വി.എൽ അമ്പിളി, കൃഷി അസിസ്റ്റന്റ് റ്റി.രാജസേനൻ, സ്കൂൾ മാനേജർ സിസ്റ്റർ ഗ്രെയ്സ് റ്റോം, പ്രിൻ സിപ്പൽ സിസ്റ്റർ ആൻ മാത്യു, സിസ്റ്റർ നിർമ്മല ജോൺ, സിസ്റ്റർ ആൻ റോസ്, സിസ്റ്റർ റോസ്, കാർഷിക വികസന സമിതി അംഗം അനീഷ് ചുങ്കപ്പാറ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

(പിഎൻപി 542/2020)

**ഫോട്ടോ അടിക്കുറിപ്പ്**

1) നഗരസഭയിൽ ആരംഭിച്ച ബദൽ ഉത്പന്ന പ്രദർശന വിപണനമേള ചെയർപേഴ്സൺ ടി.കെ.സതി ഉദ്ഘാടനം ചെയ്യുന്നു.

2) നഗരസഭയിൽ ആരംഭിച്ച ബദൽ ഉത്പന്ന പ്രദർശന വിപണനമേളയിൽ തുണിസഞ്ചികൾ നോക്കികാണുന്ന ചെയർപേഴ്സൺ ടി.കെ.സതി, കൗൺസിലർമാർ എന്നിവർ.

3) നഗരസഭയിൽ ആരംഭിച്ച ബദൽ ഉത്പന്ന പ്രദർശന വിപണനമേള

4) സംസ്ഥാന കർഷക ക്ഷേമ കാർഷിക വികസന വകുപ്പും കോട്ടാങ്ങൽ കൃഷിഭവനും സംയുക്തമായി ചുങ്കപ്പാറ അസിസി സെന്റർ സെപഷ്യൽ സ്കൂളിൽ നട്ടുവളർത്തിയ പച്ചക്കറി തോട്ടത്തിലെ കാർഷിക വിളകളുടെ വിളവെടുപ്പ് ഉദ്ഘാടനം കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്ത് അംഗം ജോസി ഇലഞ്ഞിപ്പുറം നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജനുവരി 30

January 30

2020

1193 മകരം 16 വ്യാഴം

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ദേശീയ കുഷ്ഠരോഗ നിർമാർജന പക്ഷാചരണം**

ദേശീയ കുഷ്ഠരോഗ നിർമാർജന പക്ഷാചരണം (സ്പർശ് 2020) ത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇലന്തൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം നിർവഹിച്ചു. ഇലന്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെപി മുകുന്ദൻ അധ്യക്ഷത വഹിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ മുഖ്യ പ്രഭാഷണം നടത്തി.ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സി.എസ്. നന്ദിനി കുഷ്ഠരോഗ വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എം.ബി സത്യൻ, രമാ ദേവി, സാലി തോമസ്, വത്സമ്മ മാത്യു , ജില്ലാ ലെപ്രസി ഓഫീസർ ഡോ.നിരൺ ബാബു, ഇലന്തൂർ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ..ആർ മായ എന്നിവർ പ്രസംഗിച്ചു.

ഇലന്തൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച വിളംബര റാലി ആറൻമുള സർക്കിൾ ഇൻസ്പെക്ടർ സന്തോഷ്കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിൽ ഇലന്തൂർ ഗവ. നഴ്സിംഗ് സ്കൂൾ. മുത്തൂറ്റ് നഴ്സിംഗ് സ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ നഴ്സിംഗ് വിദ്യാർഥികൾ, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 543/2020)

**പരിശീലനം**

കോന്നി സിഎഫ്ആർഡിയിൽ മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം, ഗുണനില വാരം, വിപണനം, ഭക്ഷ്യസുരക്ഷ എന്നിവ സംബന്ധിച്ച് ഫെബ്രുവരി 11മുതൽ 15 വരെ പരിശീലനം നൽകും. അപേക്ഷകർ ഭക്ഷ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും താൽപര്യമുള്ളവരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0468 –2241144 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 544/2020)

**നിലമേൽപാടശേഖരത്തിൽ കൊയ്ത്തു ഉത്സവം നടത്തി**

ആറന്മുള പ്രത്യേക പാക്കേജ് പദ്ധതിയിൽ ഉൾപ്പെട്ട കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ നിലമേൽ പാടശേഖരത്തിലെ കൊയ്ത്ത് ഉത്സവം ആറന്മുള എം.എൽ.എ. വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കുര്യൻ അലക്സാ ർ മാണിവല്ലിൽ, ശാമുവേൽ എന്നീ കർഷകരെ എംഎൽഎ ആദരിച്ചു. ഈ വർഷം 25 ഏക്കറിലാണ് കൃഷി ഇറക്കിയത്. ഉമ നെൽവിത്താണ് വിളവിറക്കിയത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ അധ്യക്ഷത വഹിച്ചു. പത്തനംതിട്ട കൃഷി അസിസ്റ്റൻഡ് ഡയറക്ടർ ടി.ജെ ജോർജ് ബോബി പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ബിജിലി .പി. ഈശോ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.എസ്. പ്രകാശ്കുമാർ, വത്സമ്മ മാത്യു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ലതാ ചെറിയാൻ, ക്രിസ്റ്റഫർദാസ് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സുനിൽ കുമാർ, മാത്യു ചാക്കോ, കൃഷി ഓഫീസർ എസ്. കവിത , കൃഷി അസിസ്റ്റൻഡ് പ്രവീൺ പ്രകാശ് എന്നിവർ പ്രസംഗിച്ചു. കാർഷിക വികസനസമിതി അംഗങ്ങൾ, ജലസേചന വകുപ്പ്, സിവിൽ സപ്ലൈസ് (നെല്ലുസംഭരണം), സ്റ്റാറ്റിസ്റ്റിക്സ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ എന്നിവർ പങ്കെടുത്തു. (പിഎൻപി 545/2020)

**കൊറോണ: ജില്ലയിൽ ആശങ്ക വേ ന്ന് ഡിഎംഒ**

കൊറോണ നിരീക്ഷണത്തിനായി കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും പത്തനംതിട്ട ജനറൽ ആശുപത്രിയിലുമായി ര ് ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ. എ.എൽ ഷീജ പറഞ്ഞു. ജില്ലയിൽ 22 പേർ മെഡിക്കൽ ടീമിന്റെ നിരീക്ഷണത്തിൽ ഉ ്. ആരിലും കൊറോണയുടെ ലക്ഷണങ്ങൾ ക ത്തിയിട്ടില്ല. ചൈനയിൽ നിന്നും നാട്ടിലെത്തിയവരെയാണ് ആരോഗ്യ വകുപ്പ് നിരീക്ഷിച്ചു വരുന്നത്. മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 22 പേർക്കും വീടുകളിൽ തന്നെയാണ് നിരീക്ഷണം ഏർപ്പെടുത്തിയിരിക്കുന്നത്. നിരീക്ഷണത്തിന്റെ ഭാഗമായി ഇരുപത്തിയെട്ട് ദിവസം ഇവരുടെ വിവരങ്ങൾ ശേഖരിക്കുകയും ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ കാണപ്പെടുകയാണെങ്കിൽ ജില്ലയിലെ ഐസൊലേഷൻ വാർഡുകളിലേക്ക് മാറ്റുമെന്നും ഡിഎംഒ പറഞ്ഞു.

വീടുകളിൽ നിരീക്ഷണം ഏർപ്പെടുത്തിയവർക്ക് ആരോഗ്യവകുപ്പിന്റെ സേവനം ലഭ്യമാക്കും. ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം മാത്രമേ ഇവർ ആശുപത്രികളിൽ ചികിത്സ തേടാവൂ. നിരീക്ഷണത്തിലുള്ളവർ പൊതു പരിപാടികളിലോ ആളുകൾ കൂടുന്ന ഇടങ്ങളിലോ പങ്കെടുക്കാതെയിരിക്കാൻ ശ്രദ്ധിക്കണം. (പിഎൻപി 546/2020)

**കൺട്രോൾ റൂം നമ്പർ**

ചൈനയിൽ നിന്നോ കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ച രാജ്യങ്ങളിൽ നിന്നോ ജില്ലയിൽ എത്തിയവർ നിർബന്ധമായും മെഡിക്കൽ കൺട്രോൾ റൂം നമ്പരായ

0468 – 2228220 ൽ വിളിച്ച് നിർബന്ധമായും റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.എൽ ഷീജ അറിയിച്ചു. (പിഎൻപി 547/2020)

**തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിക്കണം: ഡിഎംഒ**

തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും തൂവാലയോ മറ്റ് വസ്ത്രഭാഗങ്ങളോ ഉപയോഗിച്ച് മറയ്ക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ. എ.എൽ ഷീജ അറിയിച്ചു. എച്ച് 1 എൻ1 ഉൾപ്പെടെ വായുവിലൂടെ പകരുന്ന രോഗങ്ങളെ തടയാൻ ഇതാവശ്യമാണ്. രോഗം ബാധിച്ചവർ തുമ്മുകയും ചുമയ്ക്കുകയും ചെയ്യുമ്പോൾ രോഗാണുക്കൾ അന്തരീക്ഷ വായുവിൽ കലരുകയും അത് ശ്വസിക്കുന്നവരിലേക്ക് പ്രവേശിക്കുകയും ചെയ്യും. ഈ സാഹചര്യം ഒഴിവാക്കാൻ മൂക്കും വായും തൂവാല കൊ ് മറയ്ക്കുന്നത് നല്ലതാണ്. ഇടയ്ക്കിടെ കൈയും മുഖവും സോപ്പ് ഉപയോഗിച്ച് വൃത്തിയാക്കണം. വായുവിലൂടെ പകരുന്ന രോഗം കൂടുതൽ ഉ ാകാൻ സാധ്യതയുള്ള കാലാവസ്ഥയാണ് ഇപ്പോഴുള്ളത്. രോഗികൾ ധാരാളമെത്തുന്ന ആശുപത്രികളിൽ കഫ് കോർണറുകൾ സ്ഥാപിച്ചിട്ടു ്. ചുമയുള്ള രോഗികൾക്ക് കഫ് കോർണറിൽ നിന്ന് മാസ്ക് ലഭിക്കും. ഇതുവഴി മറ്റുള്ളവരിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്നത് തടയാൻ സാധിക്കും. ഉപയോഗിച്ച മാസ്കുകൾ ആശുപത്രി അധികൃതർ സ്ഥാപിച്ചിട്ടുള്ള കൂടകളിൽ തന്നെ നിക്ഷേപിക്കാൻ ശ്രദ്ധിക്കണമെന്നും ഡിഎംഒ അറിയിച്ചു. (പിഎൻപി 548/2020)

**ഫോട്ടോ അടിക്കുറിപ്പ്**

5) ആറന്മുള പ്രത്യേക പാക്കേജ് പദ്ധതിയിൽ ഉൾപ്പെട്ട കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ നിലമേൽ പാടശേഖരത്തിലെ കൊയ്ത്ത് ഉത്സവം വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.